**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1235** **03-02-2026 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് മെയിന്റനൻസ് വിഭാഗം മുഖേന നടത്തിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന ഉപവിഭാഗം മുഖേന നടത്തിയ പ്രവൃത്തികൾ താഴെ പറയുന്നവയാണ്:-<br><br>1. RM 2021-22- Cluster 1- ആലപ്പുഴ നിരത്ത് പരിപാലന ഉപവിഭാഗത്തിന്റെ കീഴിലുള്ള വിവിധ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ഒരു വർഷത്തെ റണ്ണിംഗ് കരാർ പ്രവൃത്തികൾ (2.10 കി.മീ.) -2 റോഡുകൾ. ഭരണാനുമതി തുക–12.50 ലക്ഷം<br><br>2.RM 2023-24- Cluster I- ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നിരത്ത് പരിപാലന ഉപവിഭാഗത്തിന്റെ കീഴിലുള്ള വിവിധ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ഒരു വർഷത്തെ റണ്ണിംഗ് കരാർ പ്രവൃത്തികൾ (2.10 കിമീ.) - 2 റോഡുകൾ<br><br>ഭരണാനുമതി തുക– 31.30 ലക്ഷം. |
| (ബി) | നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെസ്ഥിതിയും വിശദമാക്കാമോ; | (ബി) | നിലവിൽ നടന്നുവരുന്ന പ്രവർത്തികളും അവയുടെ നിലവിലെ സ്ഥിതിയും:-<br><br>RM 2025-26- Cluster I- ആലപ്പുഴ ജില്ലയിലെ ആലപ്പുഴ റോഡ്സ് സെക്ഷൻ പരിധിയിലെ 2 റോഡുകളിൽ ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ (ആകെ (2.10 കിമീ.) ഭരണാനുമതി തുക- 16.00 ലക്ഷം<br><br>നിലവിലെ സ്ഥിതി - 4 തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ടെണ്ടർ എടുത്തിട്ടില്ല. |
| (സി) | ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകളുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | ഭരണാനുമതിക്കായി നിലവിൽ പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ